(ബി, സി) പെരുവയൽ പഞ്ചായത്തിൽ പുതിയ പി.എച്ച്.സി. സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

റാന്നി പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി

141 [5286] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആകെ എത്ര തസ്തികകളാണ് ഉള്ളത്; ഇതിൽ അവധി എടുത്തിട്ടുള്ള ഡോക്ടർമാർ എത്ര; അവധി എടുത്ത ഒരു ഡോക്ടർ സ്ഥിരമായി സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തെപ്പറ്റി അന്വേഷണം നടത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സ്ഥലംമാറ്റം വാങ്ങിപ്പോയശേഷം ഈ തസ്തികയിൽ ആളെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് മെഡിക്കൽ ഓഫീസർ (ഇൻ-ചാർജ്ജ്) എത്ര നാൾക്കുള്ള പ്രതിഫലമാണ് കൊടുക്കാനുള്ളത്;

(ഡി) ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ് എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുകയാണ്; പ്രസ്തുത നിയമനങ്ങൾ അടിയന്തിരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 അസിസ്റ്റന്റ് സർജന്റെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ രണ്ടു പേർ അവധിയിലാണ്. അവധി എടുത്ത ഒരു ഡോക്ടർ സ്ഥിരമായി സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പകരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

(സി) ജൂൺ മാസത്തെ 11 ദിവസത്തെ ശമ്പളം മാത്രമേ കൊടുക്കാനുള്ളൂ.

(ഡി) റാന്നി-പെരുനാട് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക ഒന്നും തന്നെ ഒഴിഞ്ഞു കിടപ്പില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്.

റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെപ്പറ്റിയുള്ള പരാതി

142 [5287] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെപ്പറ്റി (ഇൻ-ചാർജ്ജ്) പഞ്ചായത്ത് കമ്മിറ്റി ഡി.എച്ച്.എസ്.-ന് പരാതി നൽകിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പരാതിയെ തുടർന്ന് ഡി.എം.ഒ. നടത്തിയ അന്വേഷണ റിപ്പോർട്ട് രേഖാമൂലം ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടിനെ തുടർന്ന് പ്രസ്തുത ഡോക്ടറെ ഇടുക്കിയിൽ സ്ഥലം മാറ്റുവാൻ ഡി.എച്ച്.എസ്. ഇട്ട ഉത്തരവ് മരവിപ്പിച്ചത് ആരാണ്; ഇത് സംബന്ധിച്ച കാരണങ്ങൾ വിശദീകരിക്കാമോ;

(ഡി) റാന്നി-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പത്തനംതിട്ട ഡി.എം.ഒ.-യ്ക്ക് നൽകിയ പരാതിയെ തുടർന്ന് ആരോഗ്യ വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഇ) ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തായിരുന്നു;

(എഫ്) ഗുരുതരമായ കൃത്യവിലോപം കാണിച്ച ഈ ഡോക്ടറെ സ്ഥലംമാറ്റിയപ്പോൾ അത് റദ്ദാക്കുകയും ആരോഗ്യവകുപ്പിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്ത ഡോക്ടറെ സംരക്ഷിച്ചതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ;

(ജി) ഇത്തരം ഗുരുതരമായ വീഴ്ച വരുത്തിയ ഡോക്ടർക്കെതിരെ എന്തൊക്കെ നിയമ നടപടികൾ സ്വീകരിക്കാനാണ് വ്യവസ്ഥകളുള്ളത്;

(എച്ച്) ഇതു പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി.എച്ച്.എസിന് പരാതി ലഭിച്ചതായി കാണുന്നില്ല. ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ടയ്ക്കാണ് പരാതി നൽകിയിരിക്കുന്നത്.

(ബി) ഡി.എം.ഒ. നടത്തിയിരിക്കുന്നത് ഒരു പ്രാഥമിക അന്വേഷണം മാത്രമാണ്. നിയമപ്രകാരമുള്ള ഒരു അന്വേഷണത്തിന്റെ ചിട്ടവട്ടങ്ങൾ പാലിച്ചുകൊണ്ടല്ല പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അക്കാരണത്താൽ അത് നിയമസഭ മുമ്പാകെ വയ്ക്കുന്നത് ആശാസ്യമാണെന്നു കരുതുന്നില്ല.

(സി) പ്രസ്തുത ആശുപത്രിയിലെ മറ്റു ഡോക്ടർമാർ അവധിയിലായിരുന്നതുകൊണ്ട് അദ്ദേഹത്തെ വിടുതൽ ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ പ്രസ്തുത സ്ഥലത്ത് തുടരുകയായിരുന്നു. ഇദ്ദേഹത്തെ പിന്നീട് പ്രസ്തുത ജില്ലയിൽതന്നെയുള്ള കോന്നി പി.എച്ച്.സി.-യിലേക്ക് സ്ഥലം മാറ്റുകയും റാന്നി-പെരുനാട് ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുകയും ചെയ്തു.

(ഡി, ഇ) പരാതിയെപ്പറ്റി ആരോഗ്യവകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടില്ല.

(എഫ്) സ്ഥലംമാറ്റം റദ്ദ് ചെയ്യാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി, എച്ച്). കുറ്റക്കാരായ സർക്കാർ ജീവനക്കാർക്കെതിരെ നടപടി എടുക്കാൻ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ നിലവിലുണ്ട്. പ്രസ്തുത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അത് മേൽപ്പറഞ്ഞ ചട്ടങ്ങൾ പ്രകാരമായിരിക്കും.

നെടുങ്ങോലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുന്നതിന് നടപടി

143 [5288] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയശേഷം എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ ചെയ്തിട്ടുള്ളത്;

(ബി) കമ്മ്യൂണിറ്റി സെന്ററിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും അനുപാതം എത്രയാണ്;

(സി) പ്രസ്തുത എണ്ണം ഡോക്ടർമാരെയും നഴ്സുമാരെയും നെടുങ്ങോലം ആശുപത്രിക്കും അനുവദിച്ച് നൽകുമോ?

ഉത്തരം

(എ) നെടുങ്ങോലം രാമറാവു ആശുപത്രിയെ 20-3-2003-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ പുതിയ തസ്തികകൾ പുനർവിന്യാസം വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് മൂന്ന് മെഡിക്കൽ ഓഫീസർമാർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഓഫ്താൽമിക് അസിസ്റ്റന്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരെ പുനർവിന്യാസം വഴി ഈ ആശുപത്രിയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഞ്ച് ഡോക്ടർമാരും ഏഴ് നഴ്സുമാരുമാണ് വേണ്ടത്.

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം നിലനിൽക്കുന്നതിനാൽ, ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ഹൈവേറിയ ഇൻസ്പെക്ടർ തസ്തികകൾ നികത്തുന്നതിന് നടപടി

144 [5289] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ സമാന തസ്തികയായ ഹൈവേറിയ ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly